# ACADEMIC MASTER PLAN

## BHSS MAVANDIYUR

## 2024-2025






## സ്കൂൾ വിവരങ്ങൾ

റവന്യൂ ജില്ല : മലപ്പുറം
സ്കൂൾ കോഡ് : 19037
സ്കൂളിന്റെ പേര് : ബ്രദേഴ്സ് എച്ച് എസ് എസ് മാവണ്ടിയൂർ
ഫോൺ നമ്പർ : 04942648454
അഡ്രസ് : എടയൂർ നോർത്ത്
എടയൂർ
676552
ഈമെയിൽ അഡ്രസ് : bhssedayurnorth@gmail.com
ഗ്രാമപഞ്ചായത്ത് : എടയൂർ
വിദ്യാഭ്യാസ ജില്ല : തിരൂർ
സബ്ജില്ലാ : കുറ്റിപ്പുറം
ക്ലാസുകൾ : 8 - 12
മാനേജ്മെന്റ് : എയ്ഡഡ്
പഠന മാധ്യമം : മലയാളം , ഇംഗ്ലീഷ്

# ആമുഖം

1979 ജൂലൈയിൽ ആരംഭിച്ച ബ്രദേഴ്സ് എച്ച് എസ് മാവണ്ടിയൂർ തിരൂർ താലൂക്കിലെ എടയൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. കേവലം 36 കുട്ടികളും നാല് അധ്യാപകരെയും വെച്ച് ആരംഭിച്ച വിദ്യാലയം ഇന്ന് ആയിരത്തി അഞ്ഞൂറോളം വിദ്യാർത്ഥികളും 75 അധ്യാപക, അനധ്യാപക ജീവനക്കാരുമായി എടയൂർ ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ പൊതു വിദ്യാലയമായി മാറിക്കഴിഞ്ഞു.ഒരു പ്രദേശത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് അടിത്തറയിടാൻ വിദ്യാഭ്യാസത്തിലൂടെ മാത്രമേ കഴിയൂ. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യമാണ് വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വെക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് ഇന്ത്യക്ക് വിശിഷ്യാ ലോകത്തിന് തന്നെ മാതൃക സൃഷ്ടിച്ചു കൊണ്ട് പൊതു വിദ്യാഭ്യാസ രംഗത്ത് നാം മുന്നോട്ട് കുതിക്കുകയാണ്. നമ്മുടെ നാടിന്റെ വികസന മുന്നേറ്റത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് എടുത്ത് പറയേണ്ടതുണ്ട്. അക്കാദമി രംഗം കൂടുതൽ ശക്തമാക്കുന്നതിൽ അക്കാദമി മാസ്റ്റർ പ്ലാനുകൾ അതുപോലെതന്നെ വാർഷിക ആസൂത്രണം വളരെ വലിയ പങ്കുവഹിക്കുന്നു. 2024 SSLC പരീക്ഷയിൽ 100 % വിജയം നേടിയ സന്തോഷത്തിലാണ് വിദ്യാലയം 2024-25 അക്കാദമിക് വർഷത്തെക്ക് കാലെടുത്തു വെക്കുന്നത്. എല്ലാവർക്കും നല്ലൊരു അക്കാദമിക് വർഷം നേരുന്നു.

# ഹൈസ്കൂൾ

## അക്കാദമിക നേട്ടങ്ങൾ

മലപ്പുറം ജില്ലയിൽ 309 കുട്ടികളെ SSLC പരീക്ഷക്കിരുത്തി 100 % വിജയം, 22 ഫുൾ എ പ്ലസും നേടാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു NMMS പോലുള്ള സ്കോളർഷിപ്പ് കുട്ടികൾക്ക് നേടാൻ കഴിഞ്ഞു കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസ ം വർദ്ധിപ്പിക്കുന്നത് വിജയ ത്തിളക്കത്തിലേക്ക് നയിച്ചു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു സ്കൗട്ട്,ഗൈഡ് തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്നു

## പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നു എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലേക്കുയർന്നില്ല എന്നത് പരിമിതിയാണ് ബാക്കിയുള്ള എല്ലാ ക്ലാസുമുറികളും ഹൈടെക് നിലവാരത്തിലേക്ക് മാനേജ്മെന്റിന്റെയും പിടിഎയുടെയും സഹായതോടെ ആക്കും നല്ല ശാസ്ത്രലാബ്ഉണ്ടെങ്കിലും ഫിസിക്സിനും കെമിസ്ട്രിക്കും ബയോളജിക്കും പ്രത്യേകമായി ഇല്ല എന്നുള്ളതും പരിമിതിയാണ് പ്രവർത്തിച്ച് പഠിക്കുക അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണ്ണമായ അർത്ഥത്തിൽ സാർത്ഥമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടാവേണ്ടതുണ്ട് കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഐടി പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട് ഇതിനായി ജനപ്രതിനിധികളിൽ നിന്നും മറ്റും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു

## ഭൗതിക നേട്ടങ്ങൾ

നിലവിൽ ക്ലാസ്സ് മുറികൾ ടൈൽ പാകി മോടി പിടിപ്പിച്ചു . കുട്ടികൾക്ക് വായനക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട് കഴിഞ്ഞ വർഷം MLA ധാരാളം പുസ്തകങ്ങൾ ലൈബ്രറിലേക്ക് സംഭാവനയായി തന്നിട്ടുണ്ട് ഇരുപതിലധികം ലാപ് ടോപ്പുള്ള HS ഐടി ലാബ് സ്കൂളിന്റെ മറ്റൊരു ഭൗതിക നേട്ടമാണ് നല്ല നിലയിൽ പരീക്ഷണങ്ങൾ ചെയ്യാനുതകുന്ന ശാസ്ത്ര ലാബുകൾ സ്കൂളിന്റെ മറ്റൊരു നേട്ടമാണ് . കട്ടികൾക്ക് ഒഴിവു സമയത്ത് സൈക്കിൾ പരിശീലനം വളരെ നല്ല രീതിയിൽ നടന്നുകൊണ്ടിരിക്കുന്നു . 500 പേർക്ക് ഇരിക്കാവുന്ന വിശാലമായ ഓഡിറ്റോറിയം മറ്റ് സ്കൂളുകൾക്ക് തന്നെ മാതൃകയാണ് ഈ ഓഡിറ്റോറിയം ആധുനിക രീതിയിൽ സജ്ജീകരിക്കാൻ കഴിഞ്ഞതും വലിയ നേട്ടമാണ് പാചക പുര എറ്റവും വൃത്തിയുള്ളതാണ് .

**ഭൗതിക പരിമിതികൾ**

**ഇപ്പോൾ ഉള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലേക്ക് ഉയരണം . ലൈബ്രറിയിൽ ഉള്ള പുസ്തകങ്ങൾ വേണ്ട രീതിയിൽ ഡിസ് പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല നിലവിൽ ലൈബ്രറി തന്നെ റീഡിംഗ് റൂമായി ഉപയോഗിക്കുന്നു അതു മാറ്റാനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട് അത് വിജയപഥത്തിലെത്തിക്കണം കുട്ടികൾക്ക് ഉച്ച ഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല നിലവിലുള്ള ശൗചാലയങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട് ആകർഷകമായ വിധത്തിൽ പൂന്തോട്ടം ഒരുക്കേണ്ടതുണ്ട് കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാൻ ഉപകരണങ്ങളോടു കൂടിയ പ്രത്യേക റൂം സൗകര്യമൊരുക്കണം വിശാലമായ കളിസ്ഥലമുണ്ടെങ്കിലും കുറച്ചു കൂടി മെച്ചപ്പെടുത്തണം**

**സാമൂഹികനേട്ടങ്ങൾ**

**സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു അതുപോലെ സ്കൂളിലെ വിവിധ ക്ലബ് പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു സാമൂഹ്യ ശുചിത്വം , വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചു പറ്റിയവയുമാണ്.**

**സാമൂഹികപരിമിതികൾ**

**പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠന സമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠന സമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാൻ പരിമിതി ഉണ്ട്.**

### ***അക്കാദമികമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ***

### ***വികസന ലക്ഷ്യങ്ങൾ***

***1 ഭാഷാശേഷി വികസനം***
***2 ഗണിത ശേഷി വികസനം***
***3 ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ***
***4 വായനാ ശേഷി വർദ്ധിപ്പിക്കൽ***
***5 ശാസ്ത്ര പോഷണ പരിപാടി***
***6 ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം, ss***
***7 പ്രതിഭാ പോഷണ പരിപാടി***
***8 ലൈബ്രറി ശാക്തീകരണം***
***9 ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ***
***10 സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം***
***11 പഠന യാത്രകൾ***
***12 സ്കൂൾ പത്രം മാസിക***

*13 അദ്ധ്യാപക ശാക്തീകരണം*
*14 പ്രവൃത്തി പരിചയ പരിശീലനം*
*15 കലാ പരിപോഷണം*
*16 പച്ചക്കറിത്തോട്ടം*
*17 സാഹിത്യ ശില്പശാലകൾ*
*18 മെഡിക്കൽ ക്യാമ്പുകൾ*
*19 രക്ത ഗ്രൂപ്പ് നിർണ്ണയം*
*20 ലഘു ഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ*
*21 സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ*
*22 ഭാഷാ ലാബ്*
*23 ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ*
*24 ഗവേഷണാത്മക പഠനം*
*25 കായികശേഷി വികസനം*
*26 വിലയിരുത്തൽ കാര്യക്ഷമമാക്കൽ*
*27 ചോദ്യ പേപ്പർ ശില്പ ശാല*
*28 ഐ ടി പഠനം - കാര്യക്ഷമമാക്കൽ*
*29 ജന്മദിന പുസ്തകം*
*30 ചിത്രരചനാ ക്യാമ്പ്*
*31 ശാസ്ത്ര ,ഗണിത , സാമൂഹ്യ ശാസ്ത്ര ഐ ടി പ്രവൃത്തിപരിചയ മേളകൾ*
*32 ക്ലാസ് പി ടി എ കാര്യക്ഷമമാക്കൽ*

**രക്ഷിതാക്കളറിയാൻ**

***സീരിയലുകൾ ഒഴിവാക്കുക.*8 മണിക്കൂർ കുട്ടികൾ ഉറങ്ങട്ടേ. *പണ്ടൊക്കെ കുട്ടികൾ നേരത്തേ ഉറങ്ങുമായിരുന്നു. ഇപ്പോൾ മുതിർന്നവർ കിടക്കുമ്പോഴേ അവരും കിടക്കൂ.*ഫാസ്റ്റ്ഫുഡ് ഒഴിവാക്കുക.*ഇലക്കറികൾ, ചെറുപയർ, നെല്ലിക്ക ഇവ ധാരാളം കൊടുക്കുക.*വീട്ടിലെ പണികളിൽ പങ്കാളിയാക്കുക.*യൂണിഫോം കഴുകാനുള്ള ബക്കറ്റിൽ ഇടാൻ ശീലിപ്പിക്കുക.*ഭക്ഷണശേഷം പാത്രം കുട്ടികൾ സ്വയമായി വൃത്തിയാക്കാൻ പറയുക.*ലഞ്ച് ബോക്സ് സ്വയം തയ്യാറാക്കിക്കുക.*പെൺകുട്ടികളുടെ വളർച്ചക്കനുസരിച്ച് ഉപദേശങ്ങൾ നൽകുക.*വൈകുന്നേരങ്ങളിൽ ബേക്കറി ഒഴിവാക്കൂ.*ദോശ, ഇഡ്ഡലി, ഇലയട, കൊഴുക്കട്ട, അരിയുണ്ട, അവൽ, പഴങ്ങൾ, ഏത്തപ്പഴം പുഴുങ്ങിയത് എള്ളുണ്ട, മുതലായ ആരോഗ്യകരമായ ഭക്ഷണം നൽകൂ.*രാത്രി ഭക്ഷണം മിതമായിരിക്കട്ടേ. നേരത്തേയും.*കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് കഴിക്കൂ.*മനസിന് സന്തോഷം വരുന്ന കാര്യങ്ങൾ മാത്രം ആ സമയം സംസാരിക്കുക.* മാതാപിതാക്കൾമൊബൈൽ മാറ്റി വച്ച് ഇത്തിരി നേരം സംസാരിക്കൂ.*അനാവശ്യ ദേഷ്യപ്പെടലുകൾ ഒഴിവാക്കുക.*വ്യക്തി ശുചിത്യം പാലിക്കുക.*സ്വന്തം മുറി ,പഠന ഇടം എന്നിവ കുട്ടി സ്വയം വൃത്തിയാക്കട്ടേ.*സാധനങ്ങൾ അടുക്കും ചിട്ടയോടെയും വയ്ക്കാൻ ശീലിപ്പിക്കുക.*പച്ചക്കറി അരിയാനും, തേങ്ങ ചിരകാനും അവശ്യ പാചകങ്ങളും പഠിപ്പിക്കുക.*ദോശ ചുടാനും ,ചപ്പാത്തിക്ക് പരത്താനും ഒക്കെ സഹായിക്കാൻ ശീലിപ്പിക്കുക.*മിതത്വം ശീലിപ്പിക്കുക.*പ്രാതലില്ലെങ്കിൽ കാതലില്ല.*പ്രഭാത ഭക്ഷണം നിർബന്ധമായും കഴിപ്പിക്കുക.*പഠനം, വായന, ഒരല്പം കൃഷി, ചെടി വളർത്തൽ, വീട്ടുകാരോടൊപ്പം കുറച്ച് സമയം, കൂട്ടുകാർക്കൊപ്പം കളി ഇതൊക്കെ ഉണ്ടാവണം.*കുളി, കേശ സംരക്ഷണം, പാദ സംരക്ഷണം, വൃത്തിയുള്ള കൈകൾ, ഇവയൊക്കെ ആരോഗ്യ**

ശീലങ്ങളാണ്.*ഞായറാഴ്ചകളിൽ ഷൂസും ബാഗുമൊക്കെ വെയിലത്ത് ഉണക്കാൻ ശീലിപ്പിക്കുക.*ഹോം വർക്ക് കൃത്യമായി ചെയ്യിക്കുക.*രാത്രി തന്നെ ടൈം ടേബിൾ നോക്കി പുസ്തകം അടുക്കി വയ്ക്കുക.*രക്ഷിതാക്കളുടെ സ്വപ്നങ്ങൾ കുട്ടികളുടെ തലയിൽ വയ്ക്കരുത്. മറിച്ച് അവർ സ്വന്തമായി സ്വപ്നങ്ങൾ കാണട്ടേ....*അതനുസരിച്ച് അവർ അവരെ വാർത്തെടുക്കട്ടെ.*നന്മയുള്ള വ്യക്തി,സ്നേഹമുള്ള കുട്ടി, മിടുക്കരായ കുട്ടികൾ വളരട്ടേ....ഉയരട്ടേ...

ഹിന്ദി

ഹിന്ദി വായന- ലക്ഷ്യം- എച്ച് എസ് തലത്തിലെ മുഴുവൻ കുട്ടികൾക്കും ഹിന്ദി വായിക്കാൻ സാധിക്കണം .എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ട പരിശീലനം നൽകും . ലൈബ്രറിയിൽ ഹിന്ദി ബുക്കുകൾ ഉൾപ്പെടുത്തും . വിവിധ അക്ഷരങ്ങളോട് കൂടിയതും വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ചെറിയ കഥാ ബുക്കുകൾ കുട്ടികൾക്ക് ക്ലാസിൽ വായിക്കാനായി നൽകും . ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കാനായി വായനാ കാർഡുകൾ തയ്യാറാക്കി കുട്ടികൾക്ക് നൽകും . ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ ഹിന്ദി പ്രതിജ്ഞ ഉൾപ്പെടുത്തും . ദിനാചരണവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണ മത്സരം, പ്രശ്നോത്തരി,വായനാ മത്സരം, ദേശഭക്തിഗാന മത്സരം,കവിതാലാപന മത്സരം, പുസ്തക പരിചയം ഇവ നടത്തും

മലയാളം

എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷിവികസനം.. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
എല്ലാ കുട്ടികളേയും സ്വതന്ത്രവായനക്കാരാക്കുക.പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനം .ചിത്രങ്ങൾ, നിറങ്ങൾ ,വീഡിയോ, തുടങ്ങിയവ ഉപയോഗിച്ച് പാഠഭാഗങ്ങൾ എത്തിക്കുന്നു.ആഴ്ചയിലൊരിക്കൽ കുട്ടികളുടെ മികവുകൾ മനസ്സിലാക്കുവാൻ വിവിധ ചെറിയ കഥകൾ കവിതകൾ എന്നിവ കുട്ടികൾക്ക് വായിക്കാനായി നൽക്കുന്നു.അർത്ഥം ഗ്രഹിച്ച് തെറ്റുകൂടാതെ വായിക്കാനായി പരിശീലിപ്പിക്കുന്നു. ഇതിനായി ലൈബ്രറി പുസ്തകങ്ങൾ പ്രയോജനപ്പെടുത്തും

*ENGLISH*

*Goals*

◇ *To stimulate students' interest in learning English*

◇ *To provide students with a genuine and purposeful environment to enhance their English language proficiency*

◇ *To adopt a learner-centred curriculum which aims at improving students' reading, writing, listening and speaking*

◇ *To provide students with a wide range of learning experiences to use English both inside and outside the classroom*

*Objectives*

◇ *Students should be able to participate actively and confidently in the English lessons.*
◇ *Students should be able to assess their own learning.*
◇ *Helps to overcome the fear of using English language.*
◇ *Create more language-based contents for Lit beats. (YouTube channel.)*
◇ *Improve Fluency in English language.*

*Challenges and remedies*

◇ *Special attention for the students those who feel difficulty in reading and writing.*
◇ *Application of Vijayasparsham module among students those who face difficulty to score pass marks in English.*
◇ *Vijayabheri class for 10th backward students.*

*For A plus students.*

◇ *More focus on sentence construction in essay writing.*
◇ *Focus on grammar portions.*
◇ *Grammar worksheets.*
◇ *Discourse worksheets.*

*Everyday English*

◇ *JAM (Just A Minute speech)*
◇ *Word of the day.*
◇ *Dictionary making.*
◇ *Thought for the day.*
◇ *Everyday reading of any one textual paragraph.*
◇ *Furnishing Class notice board and club notice board.*

*Creative English*

◇ *Class magazine.*
◇ *Digital magazine.*
◇ *Shots and reels for Lit Beats.*

**സംസ്കൃതം**

***അക്ഷരബോധനം 8,9,10 ക്ലാസുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന, അക്ഷരം തീരെ അറിയാത്ത കുട്ടികൾക്ക് പ്രത്യേക പരിശീലനം ഉച്ചയ്ക്കും മറ്റ് ഒഴിവ് സമയങ്ങളിലും*സംസ്കൃതപദപരിചയം_ സംസ്കൃതത്തിലുള്ള പദങ്ങൾ തിരിച്ചറിയുന്നതിനായി മൃഗങ്ങൾ ,പക്ഷികൾ,വിവിധതരം വസ്തുക്കൾ തുടങ്ങിയവരുടെ ചിത്രങ്ങൾ കുട്ടികളെ കൊണ്ട് വരപ്പിക്കുകയും അവരുടെ പേരുകൾ ബോർഡിൽ എഴുതി കൊടുക്കുകയും ചെയ്യുന്നു വരച്ച**

ചിത്രങ്ങൾക്ക് താഴെ അവരുടെ പേരുകൾ എഴുതാൻ കുട്ടികളോട് നിർദ്ദേശിക്കുന്നു ചിത്രപതിപ്പ് തയ്യാറാക്കുന്നു.*വാചന ശിക്ഷണം- ആഴ്ചയിലൊരിക്കൽ കുട്ടികളുടെ മികവുകൾ മനസ്സിലാക്കുവാൻ വിവിധ ചെറിയ കഥകൾ കവിതകൾ സുഭാഷിതങ്ങൾ എന്നിവ കുട്ടികൾക്ക് വായിക്കാനായി നൽക്കുന്നു.അർത്ഥം ഗ്രഹിച്ച് തെറ്റുകൂടാതെ വായിക്കാനായി പരിശീലിപ്പിക്കുന്നു. ഇതിനായി ലൈബ്രറി പുസ്തകങ്ങൾ പ്രയോജനപ്പെടുത്തും * സംഭാഷണ പരിശീലനം

ചെറിയ സംഭാഷണശകലങ്ങൾ നൽകുന്നു അവ കൃത്യമായി കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു . കൂടാതെ കഥാപാത്ര അവതരണം നാടകം, ഏകാങ്കാഭിനയം വിവിധ മേഖലയിലുള്ള സംഭാഷണാവതരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.*രചന പ്രവർത്തന പ്രോത്സാഹനം-ചെറിയ കഥകൾ കവിതകൾ കുട്ടികൾ സ്വന്തമായി രചിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.*ഒരു കുട്ടിക്ക് ഒരു പുസ്തകം പദ്ധതി- സംസ്കൃതവുമായി ബന്ധപ്പെട്ട ചെറു പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് ആയി സമാഹരിക്കുക. വിതരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുക. * സംസ്കൃതപ്രതിഭ - സംസ്കൃതത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയ്ക്ക് കുട്ടികളെ പരിശീലിപ്പിക്കും*ബുള്ളറ്റിൻ ബോർഡ്-സംസ്കൃതത്തിലെ പുതിയ അറിവുകൾ, വിവരങ്ങൾ, ആശയങ്ങൾ , രചനകൾ തുടങ്ങിയവ പ്രദർശിപ്പിക്കുക.

**അറബിക്**

അറബി വായന/എഴുത്ത് എന്നിവ ലക്ഷ്യം വെച്ച് സ്കൂൾ തലത്തിലെ മുഴുവൻ കുട്ടികൾക്കും അറബി വായിക്കാനും എഴുതാനും സാധിക്കാൻ വേണ്ട ഇടപെടലുകൾ നടത്തും .എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം കണ്ടെത്തുന്നതിനു വേണ്ട പരിപാടികൾ നടത്തും . ലൈബ്രറിയിൽ അറബി ബുക്കുകൾ ഉൾപ്പെടുത്തും .വിവിധ അക്ഷരങ്ങളോട് കൂടിയതും വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ചെറിയ കഥാ ബുക്കുകൾ കുട്ടികൾക്ക് ക്ലാസിൽ വായിക്കാനായി നൽകും . അറബി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കാനായി ഫ്ലാഷ് കാർഡുകൾ കുട്ടികളെ കൊണ്ട് തയ്യാറാക്കി അവരെക്കൊണ്ട് ഒരു game രൂപത്തിൽ അവരിലേക്ക് എത്തിക്കും . ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ അറബി പ്രതിജ്ഞ ഉൾപ്പെടുത്തും . ദിനാചരണവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണ മത്സരം, പ്രശ്നോത്തരി, വായനാ മത്സരം, ദേശഭക്തിഗാന മത്സരം, കവിതാലാപന മത്സരം, പുസ്തക പരിചയം ഇവ നടത്തും. അറബി ഭാഷയെ അടുത്തറിയാൻ ഉള്ള സാഹചര്യം ഒരുക്കും ( ഫീൽഡ് trip, നൂതന സാങ്കേതിക വിദ്യ etc ) . അറബി സംസാരിക്കാൻ വേണ്ടി വിവിധ അറബി വാർത്താ ചാനലുകൾ കുട്ടികൾക്ക് പരിചയപ്പെടുത്തും .കഴിഞ്ഞ വർഷത്തേക്കാളും അലിഫ് അറബിക് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കുട്ടികളുടെ പങ്കാളിത്തതോടെ മികവുറ്റതാക്കും.

**ഉർദു**

ഇന്തോആര്യൻഭാഷഗോത്രത്തിലെപ്രധാനഭാഷയാണ്ഉർദുപുരോഗമിച്ച്കൊണ്ടിരിക്കുന്ന സംഗീത സുന്ദര ഭാഷയായ ഉർദു ഗസലുകളുടേയും ഹിന്ദുസ്ഥാനി സംഗീതത്തിന്റേയും അന്തർധാരയാണ്. സംസ്കാരിക സമന്വയത്തിന്റേയും മാനവ സാഹോദര്യത്തിന്റെയും

മുദ്രവാക്യം ഉയർത്തി പിടിക്കുന്ന ഭാഷയാണ് ഉർദു ബി. എച്ച്.എസ്.എസ് മാവണ്ടിയൂർ ഉർദുഭാഷ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അകാദമിക്ക്, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു

പൊതു ലക്ഷ്യങ്ങൾ

കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടം കുട്ടികൾ ആർജിക്കുക .ഹൈസ്കൂൾ പഠനം പൂർത്തിയാക്കുമ്പോൾ ഉറുദു വായിക്കാനും എഴുതാനും, അത്യാവിശ്യ രചനകൾ നടത്താനുള്ള ശേഷി നേടുകഉറുദുവിൽ ആശയവിനിമയ ശേഷി നേടുക .ജനാധിപത്യ, മതേതര മൂല്യങ്ങൾ ഉയർത്തിപിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക .ഉറുദു ഭാഷയെ കുറിച്ചുള്ള സാമാന്യ അവബോധം വളർത്തി എടുക്കുക .എസ്. എസ്. എൽ. സി പരീക്ഷയിൽ ഉന്നത ഗ്രേഡ് നേടാൻ പ്രാപ്തരാക്കുക .ഐ. ടി. സി സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠന മികവ് ഉയർത്തുക അല്ലാമാ ഇഖ്ബാൽ ടാലെന്റ് ടെസ്റ്റിന് കുട്ടികളെ പ്രാപ്തരാക്കുക .കുട്ടികളുടെ സർഗാത്മക ശേഷി വളർത്തുകവിവിധ ദിനാചാരണങ്ങളിലൂടെ ഭാഷ പരശേഷി വളർത്തുക

കണക്ക്

വിവിധ അളവുകളുള്ള ത്രികോണം വെട്ടിയെടുത്ത് അതിൽ നിന്ന് തുല്യ ത്രികോണങ്ങൾ കണ്ടെത്തുന്ന പ്രവർത്തനം സ്തൂപികകളുടെ നിർമ്മാണം, ഫണൽ നിർമ്മാണം ..നിത്യജീവിത വുമായി ബന്ധപ്പെട്ട ഭാഷാ വാക്യങ്ങളെ സമവാക്യരൂപത്തിലെഴുതുകയും അതിന്റെ പരിഹാരം വിപരീതക്രിയയിലൂടെ കണ്ടെത്തുകയും ചെയ്യുന്ന പ്രവർത്തനം . വിവിധ തരം ബഹുഭുജങ്ങൾ വരച്ച് വെട്ടിയെടുത്ത് അവയുടെ പുറം കോണുകളുടെ തുക 360$^\circ$ ആണെന്ന് കണ്ടെത്തുകയും അതിൽ നിന്ന് സമബഹുഭുജങ്ങൾ തിരിച്ചറിയുകയും ചെയ്യുന്ന പ്രവർത്തനം .വിവിധ തരം ബഹുഭുജങ്ങൾ വരച്ച് വെട്ടിയെടുത്ത് അവയുടെ പുറം കോണുകളുടെ തുക 360$^\circ$ ആണെന്ന് കണ്ടെത്തുകയും അതിൽ നിന്ന് സമബഹുഭുജങ്ങൾ തിരിച്ചറിയുകയും ചെയ്യുന്ന പ്രവർത്തനം .ബാങ്ക് സന്ദർശനം നടത്തി വിവിധ തരം ബാങ്കിംഗ് സൗകര്യങ്ങൾ പട്ടിക പ്പെടുത്തുന്ന പ്രവർത്തനം .നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ 2 ചരമുള്ള സമവാക്യങ്ങളാക്കി ചരങ്ങളുടെ വില കണക്കാക്കൽ .ത്രികോണത്തിന്റെ തുല്യ പരപ്പളവുള്ള ചതുരം, ചതുരത്തിന്റെ തുല്യ പരപ്പളവുള്ള സമചതുരം, എന്നിവയുടെ നിർമ്മിതി .ക്ലൈനോ മീറ്റർ നിർമ്മാണം .സ്തൂപികകളുടെ നിർമ്മാണം, ഫണൽനിർമ്മാണം .ഇത്തരംപ്രവർത്തനത്തിലൂടെ കണക്ക് എളുപ്പമാക്കാം

ഫിസിക്സ്

നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

*മീറ്റർ സ്കെയിൽ നിർമ്മാണം* സാന്ദ്രത പിരമിഡ് * ഘർഷണം പ്രയോജനങ്ങളും ദോഷങ്ങളും - സംവാദം*ഖര വസ്തുക്കളും ദ്രാവകങ്ങളും വാതകങ്ങളും പ്രയോഗിക്കുന്ന മർദ്ദം കണ്ടെത്താനുള്ള പരീക്ഷണങ്ങൾ*ദർപ്പണങ്ങളുടെ മാതൃക നിർമ്മാണം, ഫോക്കസ് ദൂരം കണ്ടെത്തൽ*കാന്തിക ബല രേഖകളുടെ ചിത്രീകരണം ,വൈദ്യുതകാന്ത നിർമ്മാണം*ഇലക്ട്രോസ്കോപ്പ് നിർമ്മാണം *അപവർത്തനം തെളിയിക്കാനുള്ള പരീക്ഷണങ്ങൾ. *പൂർണ്ണാന്തര പ്രതിപതനം - പരീക്ഷണം.*വ്യത്യസ്ത മാധ്യമങ്ങളുടെ ക്രിട്ടിക്കൽ കോൺ പരീക്ഷണത്തിലൂടെ കണ്ടെത്തൽ.* പെരിസ്കോപ്പ് നിർമ്മാണം.*റോഡ് സുരക്ഷ - സെമിനാർ

*നിശ്ചല ജഡത്വം ,ചലന ജഡത്വം എന്നിവയ്ക്ക് ചുറ്റുപാടുകളിൽ നിന്നുള്ള ഉദാഹരണങ്ങൾ കണ്ടെത്തുക * എൽഇഡി ബൾബ് നിർമ്മാണം.*സോളിനോയ് ഡിന്റെ ധ്രുവങ്ങൾ കണ്ടെത്തൽ
മോട്ടോർ തത്വം തെളിയിക്കാനുള്ള പരീക്ഷണം.*വൈദ്യുതകാന്തിക പ്രേരണം തെളിയിക്കാനുള്ള പരീക്ഷണം.*മ്യൂച്ചൽ ഇൻഡക്ഷൻ സെൽഫ് ഇൻഡക്ഷൻഎന്നിവ തെളിയിക്കാനുള്ള പരീക്ഷണം.
*മൈക്കൽ ഫാരഡേ: വൈദ്യുതിയുടെ പിതാവ് - ശാസ്ത്രരംഗത്തെ ഫാര ഡെയുടെ സംഭാവനകൾ - സെമിനാർ.*നിങ്ങളുടെ ക്ലാസ് മുറിക്കാവശ്യമായ വൈദ്യോപകരണങ്ങൾ ഉൾപ്പെടുത്തിയുള്ള സർക്യൂട്ട് ചിത്രീകരണം.*വീട്ടിലെ ഒരു ദിവസത്തെ വൈദ്യുത ഉപഭോഗത്തിന്റെ അളവുകണ്ടെത്തൽ.
*ഊർജ്ജം അമൂല്യമാണ്. പ്രത്യേകിച്ചും വൈദ്യുതോർജ്ജം. വൈദ്യുത ഉപഭോഗം ലഘൂകരിക്കേണ്ടതിന്റെ ആവശ്യകത സമൂഹത്തെ ബോധ്യപ്പെടുത്താനുതകുന്ന പോസ്റ്റർ നിർമ്മാണം.
*വൈദ്യുതാഘാതം ഏൽക്കാതിരിക്കാനും ഏറ്റാൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷ

കെമിസ്ട്രി

നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

* മിശ്രിതത്തിലെ ഘടകങ്ങളെ വേർതിരിക്കാനുള്ള മാർഗങ്ങൾ ICT സാധ്യതകൾ ഉപയോഗപ്പെടുത്തി അവതരിപ്പിക്കുന്നു.* തന്മാത്രകളുടെയും ആറ്റങ്ങളുടെയും എണ്ണം കണ്ടെത്തുന്നതിനുള്ള ചെറിയ games.
*രാസ സമീകരണം - വിവിധ ടെസ്റ്റുകൾ നടത്തി ആശയം ഉറപ്പിക്കുന്നു.* താപ രാസ പ്രവർത്തനങ്ങൾ, പ്രകാശ രാസ പ്രവർത്തനങ്ങൾ, വൈദ്യുത രാസ പ്രവർത്തനങ്ങൾ - പരീക്ഷണങ്ങൾ ചെയ്യുന്നു.* " പ്രകൃതി സംരക്ഷണം ശാസ്ത്ര പഠനത്തിന്റെ ലക്ഷ്യം " എന്ന വിഷയത്തിൽ സെമിനാർ.
* ലോഹ നാശനത്തെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങൾ തിരിച്ചറിയുന്നതിനുള്ള പരീക്ഷണം.
*ലായനി മേള - കുട്ടികൾ നിർമ്മിച്ച ലായനികളുടെ പ്രദർശനം.
*'കൃത്രിമ പാനീയങ്ങളുടെ ദോഷവശങ്ങൾ'- സെമിനാർ പ്രാബന്ധം.* ജല വോൾട്ടാമീറ്റർ നിർമ്മാണം
* വിവിധ ജല സാമ്പിളുകളിൽ പരീക്ഷണം നടത്തി മൃദുജലമാണോ കഠിനജലം ആണോ എന്ന് തിരിച്ചറിയുന്നു.*പ്ലാസ്റ്റിക് ശിക്ഷകനോ രക്ഷകനോ? എന്ന വിഷയത്തിൽ സംവാദം.* പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനുള്ള പോസ്റ്റർ നിർമ്മാണം.
പ്ലാസ്റ്റിക്കിന് പകരം ഉപയോഗിക്കാവുന്ന ഗ്ലാസ്, സ്റ്റീൽ, സെറാമിക്, പ്രകൃതിദത്ത വസ്തുക്കൾ എന്നിവ കൊണ്ട് നിർമ്മിച്ച ഉൽപ്പന്നങ്ങളുടെ പ്രദർശനം.* ഓർബിറ്റ് ഇലക്ട്രോൺ വിന്യാസം-മാതൃകാ നിർമ്മാണം * പിരിയോഡിക് ടേബിൾ ഇന്റെ ചരിത്രം - പ്രസന്റേഷൻ തയ്യാറാക്കൽ
* Kalzium സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അറ്റോമിക നമ്പർ 1 മുതൽ 36 വരെയുള്ള മൂലകങ്ങളുടെ പ്രതീകം, ഇലക്ട്രോൺ വിന്യാസം, ഭൗതികാവസ്ഥ എന്നിവ പട്ടികപ്പെടുത്താനുള്ള അസൈൻമെന്റ്.* വ്യത്യസ്ത മൂലകങ്ങളിലെ രാസബന്ധനം - മാതൃക നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു.* മാസ്സ് സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ
*പീരിയോടിക് ടേബിളിന്റെ സഹായത്തോടെ അറ്റോമിക നമ്പർ ഒന്നു മുതൽ 30 വരെയുള്ള

മൂലകങ്ങളുടെ സബ് ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതി ബ്ലോക്ക്, ഗ്രൂപ്പ്, പീരിയഡ് എന്നിവ കണ്ടെത്തുന്നതിനുള്ള അസൈൻമെന്റ്.* GAM, GMM, മോൾ, മോളാർ വ്യാപ്തം എന്നീ ആശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള ഗണിത പ്രശ്നങ്ങൾ കൂടുതലായി നൽകുന്നു.* ആദേശരാസ പ്രവർത്തനവുമായിബന്ധപ്പെട്ടപരീക്ഷണങ്ങൾ*ഗാൽവാനിക്സെൽനിർമ്മാണം*.വൈദ്യുതവിശ്ലേഷണവുമായിബന്ധപ്പെട്ടപരീക്ഷണങ്ങൾ.*ലോഹനിഷ്കർഷണത്തിന്റെ വിവിധ ഘട്ടങ്ങൾ ICT സാധ്യത ഉപയോഗപ്പെടുത്തി അവതരിപ്പിക്കുന്നു.* അമോണിയ നിർമ്മാണം,അമോണിയയുടെ ബേസികത എന്നിവയുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ * സൾഫ്യൂരിക് ആസിഡ് നിർജലീകരണ ഗുണം, സൾഫേറ്റ് ലവണങ്ങളെ തിരിച്ചറിയുന്ന വിധം എന്നിവയുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ * ഓർഗാനിക് സംയുക്തങ്ങളുടെ നാമകരണവുമായി ബന്ധപ്പെട്ട അസൈൻമെന്റ്.*സോപ്പ് നിർമ്മാണം

ബയോളജി

നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

*കാണ്ഡത്തിന്റെ ഘടന -പ്രാക്ടിക്കൽ*വിത്തു കോശങ്ങളെ കുറിച്ചുള്ള ലഘുലേഖ തയ്യാറാക്കൽ*കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും - ഉപന്യാസം തയ്യാറാക്കൽ*ആധുനിക കൃഷി രീതികൾ -സെമിനാർ*പരിസ്ഥിതി സംരക്ഷണം -പോസ്റ്റർ നിർമ്മാണം*ജൈവവൈവിധ്യ സംരക്ഷണ രീതികൾ - അസൈൻമെൻറ്*കൗമാരം - സാധ്യതകളുടെയും വെല്ലുവിളികളുടെയും കാലം ബോധവൽക്കരണക്ലാസ്സ്*എൻറോസ്മോസിസ് എക്സോസ്മോസിസ് കാണിക്കുന്ന പരീക്ഷണം*കുട്ടികളുടെ ഭക്ഷണശീലങ്ങളും ആരോഗ്യപ്രശ്നങ്ങളും - ഉപന്യാസം തയ്യാറാക്കൽ*ഹൃദയാരോഗ്യം - പതിപ്പ് നിർമ്മാണം*വ്യായാമത്തിന്റെ പ്രാധാന്യം - ലഘുലേഖ തയ്യാറാക്കൽ *ഉച്ഛ്വാസം, നിശ്വാസം ഇവ കാണിക്കുന്ന ശ്വാസകോശത്തിന്റെ വർക്കിംഗ് മോഡൽ നിർമ്മാണം*പുകവലിയുടെ ദോഷഫലങ്ങൾ - കൊളാഷ് നിർമ്മാണം*വൃക്കയുടെ ഘടന - മാതൃക നിർമ്മാണം*നാഡീ വ്യവസ്ഥയെ ബാധിക്കുന്ന രോഗങ്ങൾ - സെമിനാർ*കണ്ണിന്റെ ഘടന മനസ്സിലാക്കുന്നതിനായി പോത്തിന്റെ കണ്ണ് - dissection*ജീവിതശൈലി രോഗങ്ങളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും - ഉപന്യാസം തയ്യാറാക്കൽ*മദ്യപാനം, മയക്കുമരുന്ന് ഉപയോഗം ഇവ കൊണ്ടുള്ള ദോഷഫലങ്ങൾ - അസൈൻമെൻ്റ്*ജനിതക എൻജിനീയറിങ് നേട്ടങ്ങളും കോട്ടങ്ങളും - സംവാദം *പരിണാമ സിദ്ധാന്തങ്ങൾ - ലഘുലേഖ തയ്യാറാക്കൽ

സയൻസ് ക്ലബ് പ്രവർത്തനങ്ങൾ

* സയൻസ് ക്ലബ് അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരണം. അതിലൂടെയും സയൻസ് ക്ലബ്ബ് ബുളറ്റിൻ ബോർഡിലൂടെയും കുട്ടികൾക്ക് ദിവസേന അഞ്ചു ചോദ്യങ്ങൾ നൽകി മാസാവസാനം ക്വിസ് നടത്താം.കുട്ടികളെ കൂടുതൽ ചോദ്യങ്ങൾ പരിചയപ്പെടുത്തുക വഴി താല്പര്യമുള്ള കുട്ടികളെ കണ്ടെത്താൻ കഴിയുകയും അവരെ സബ്ജില്ലാ ജില്ലാ മത്സരങ്ങളിലേക്ക് പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഇതിൻ്റെ ഉദ്ദേശ്യം. *പ്രശസ്തരായ ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുവാൻ ചെറിയ വീഡിയോകൾ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കിപ്രദർശിപ്പിക്കുന്നു. കുട്ടികളിൽ ശാസ്ത്ര ആഭിമുഖ്യം വളർത്തുക

എന്നതോടൊപ്പം ഇംഗ്ലീഷ് ഭാഷയോട് കൂടുതൽ അടുപ്പം ഉണ്ടാക്കുക എന്നതുകൂടിയാണ് ഇതിൻ്റെ ഉദ്ദേശ്യം. *പരീക്ഷണ മൂല. തെരഞ്ഞെടുത്ത കുട്ടികളെ ആകർഷകമായ പരീക്ഷണങ്ങൾ പരിശീലിപ്പിച്ചെടുത്ത് അതുവഴി സ്കൂളിലെ മറ്റ് കുട്ടികളിലേക്ക് എത്തിക്കുക.*ശാസ്ത്ര സംബന്ധമായ ബുക്കുകൾ ഉൾപ്പെടുന്ന ഒരു ലൈബ്രറി ലാബിൽ തന്നെ ക്രമീകരിക്കുക.* ശാസ്ത്ര സിനിമകൾ പ്രദർശിപ്പിക്കുന്നു.*ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.
*.നിലവിലുള്ള സയൻസ് ബ്ലോഗിൻ്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നു.
* 8, 9, 10 ക്ലാസ്സ് അടിസ്ഥാനത്തിൽ ഒരു പഠനോപകരണ നിർമ്മാണ മത്സരം.
*വിദ്യാലയത്തെ പ്ലാസ്റ്റിക് വിമുക്ത വിദ്യാലയമാക്കി മാറ്റുക

**ജൂൺ 3 :** **പ്രവേശനോത്സവം**

നവാഗതർക്ക് സ്വാഗതം , മധുരപലഹാര വിതരണം

**ജൂൺ 5 :** ലോക പരിസ്ഥിതി ദിനം – ചിത്രരചന ( SS Club)
പോസ്റ്റർ നിർമ്മാണ മത്സരം (Hindi Club)
എന്റെ , കൂട്ടുകാരുടെ വീട്ടിലെഒരുചെടി
എന്റെ വിദ്യാലയത്തിനൊരു പൂന്തോട്ടം (Maths Club)
*Theme magazine* (class wise) (English)
വൃക്ഷ തൈ നടൽ (Malayalam)
സംസ്കൃത പ്രദർശിനി- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിവിധ

ഔഷധ സസ്യങ്ങൾ, ദശപുഷ്പങ്ങൾ, വിവിധ തരം ക്രാഫ്റ്റ് വർക്ക് തുടങ്ങിയവ

പ്രദർശിപ്പിക്കും. (Sanskrit)

ഔഷധ സസ്യതോട്ടം നിർമ്മാണം. (Environment Club)

**ജൂൺ 8 :** ലോക സമുദ്ര ദിനം

സയൻസ് ക്ലബ്ബ് ഉദ്ഘാടനം

ആഗോള കാലാവസ്ഥയെ നിയന്ത്രിക്കുന്നതിൽ സമുദ്രത്തിന്റെ പങ്ക്, സമുദ്ര മലിനീകരണം ഉയർത്തുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ (ഡോക്യുമെൻ്ററി). (Science Club)

*Write a poem about ocean* (English)

*ജൂൺ 14: ലോക രക്ത ദാന ദിനം അതുമായി ബന്ധപ്പെട്ട കൊളാഷ് നിർമ്മാണം (Biology)*

*Cartoon/slogan (English)*

ജൂൺ 18: *International Picnic Day*

*Go for a picnic with English club students.*

ലോഷൻ ,ഡിറ്റർ ജന്റ് , വെസ്റ്റ് ബാസ്കറ്റ് നിർമ്മാണം (Work Experience)

ജൂൺ 19 : ഗണിത ക്ലബ് ഉദ്ഘാടനം .വായന ദിനം

പാസ്കൽ ദിനം , പാസ്കലിന്റെ ജീവചരിത്രം, സംഭാവനകൾ, ചിത്രം എന്നിവ കുട്ടികൾ തയ്യാറാക്കൽ (Maths Club)

*Reading day.*

*Book exhibition Book review competition.* (English)

മമ ഇഷ്ട പാഠം വായനാ മത്സരം

പുസ്തക പരിചയം

സുഭാഷിതാലാപനം (Sanskrit)

ജൂൺ 19 - 25 വായനാവാരം

പി.എൻ പണിക്കർ അനുസ്മരണം

എന്റെ പുസ്തകവായന

സന്ദേശ പോസ്റ്റർ

പുസ്തക മരം (Malayalam)

ജൂൺ 21 : അന്താരാഷ്ട്ര യോഗ ദിനം

യോഗദ്വാരാ ശരീര സൗഖ്യം- ചിത്രരചനാ മത്സരം

യോഗാസന പ്രദർശനം (sanskrit)

ജൂൺ 26 : സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് ഉദ്ഘാടനം (ക്ലാസ് - സാമൂഹ്യ പ്രതിബദ്ധത - വിദ്യാർത്ഥികളുടെ പങ്ക് )ലഹരി വിരുദ്ധ ദിനം - ലഹരിക്കെതിരായ കൈയ്യൊപ്പ്

ജൂലൈ 1-31 : ഫുട്ബോൾ പരിശീലനം

ജൂലൈ 4 : സ്കൂൾ ലീഡർ തെരെഞ്ഞെടുപ്പ് ( SS Club)

ജൂലൈ 5 : ബഷീർ ചരമദിനം (Vidyarengam)

ബഷീർ അനുസ്മരണം

സിനിമ / ഡോക്യുമെന്ററി പ്രദർശനം

ജൂലൈ 7 : *World chocolate day*

*Design a chocolate with an attractive ad line* (English)

ജൂലൈ 8-10: *Mid Term Examination*

**ജൂലൈ 11 :** ലോക ജനസംഖ്യാ ദിനം - ജനറൽ ക്വിസ്. ( SS Club)

***ജൂലൈ 20 :*** *ലോക പ്രകൃതി സംരക്ഷണ ദിനം*
*സ്കൂൾ പരിസരം വൃത്തിയാക്കൽ (Environment Club)*

**ജൂലൈ 21 :** ചാന്ദ്രദിനം

ചന്ദ്ര ദിന ക്വിസ്

വീഡിയോ പ്രദർശനം (Science club)

**ജൂലൈ 24:** രാമായണ മാസാചരണം - സംസ്കാര പരിചയം
രാമായണ പ്രശ്നോത്തരി
കഥാപാത്ര നിരൂപണ
രാമായണ പാരായണം (sanskrit

**ജൂലൈ 26 :** വാർത്താ വായനാ മൽസരം ( SS Club)

**ജൂലൈ 31 :** പ്രേംചന്ദ് ജയന്തി (പുസ്തക പരിചയം ) (Hindi Club)

**ആഗസ്റ്റ് :-** സംസ്കൃത ദിനാചരണം
സംസ്കൃത അസംബ്ലി
പ്രശ്നോത്തരി
കുട്ടികളുടെ കലാകായിക പരിപാടികൾ (Sanskrit)

**ആഗസ്റ്റ് 6, 9 :** ഹിരോഷിമ, നാഗസാക്കി ദിനം - യുദ്ധവിരുദ്ധ റാലി. ( SS Club)

ഹിരോഷിമ നാഗസാക്കി ഓർമ്മ പുതുക്കൽ (Maths Club)

*Say no to war- POSTER making competition. (English)*

**ആഗസ്റ്റ് 12 :** ദേശീയ പതാക നിർമ്മാണ മത്സരം (Maths Club)

*LED* ബൾബ് റിപ്പയറിങ്, സ്പോർട്സ് കിറ്റ് നിർമ്മാണം (Work Experience)

**ആഗസ്റ്റ് 15 :** സ്വാതന്ത്ര്യ ദിനം (ദേശഭക്തിഗാന മത്സരം) ) (Hindi Club)

പ്രസംഗ മത്സരം ( SS Club)

**ആഗസ്റ്റ് 17 :** *ചിങ്ങം 1 കർഷക ദിനം*

*കൃഷി അറിവുമായി ബന്ധപ്പെട്ട മാഗസിൻ നിർമ്മാണം (Biology)*

ആഗസ്റ്റ് 19 : *World Photography*

*A photo with an attractive caption* (*English*)

ആഗസ്റ്റ് 23 : *ചന്ദ്രയാൻ സുരക്ഷിതമായി ചന്ദ്രനിൽ ഇറങ്ങിയതിന്റെആഘോഷം(Science club)*

ആഗസ്റ്റ് 29 : ജ്യാമതീയപൂക്കളനിർമ്മാണ മത്സരവും പ്രദർശനവും (Maths Club)

*Sports Day*

*Digital seminar on 'sports in India'* (*English*)

സെപ്റ്റംബർ 2-12 : *Quarterly Examination*

സെപ്റ്റംബർ 5: *Teachers' day*

*A note from your heart for your favourite teacher* (*English*)

ഗുരുവന്ദനം

അധ്യാപകർക്ക് ആശംസ അയ്ക്കൽ (sanskrit)

കുട്ടികൾക്ക് ശാസ്ത്രധ്യാപകരാകാനുള്ള അവസരം (*Science club*)

കുട്ടി മാഷ്

കുട്ടി അധ്യാപകന് കത്തെഴുതൽ (Malayalam)

സെപ്റ്റംബർ 13: ഓണാഘോഷം

( പൂക്കള മത്സരം ,ഓണസദ്യ ,പായസവിതരണം , വടംവലി , കസേരകളി )

സെപ്റ്റംബർ 14: ദേശീയ ഹിന്ദി ദിനം ( ഹിന്ദി ദേശഭക്തിഗാന മത്സരം)

സെപ്റ്റംബർ 16 : ഓസോൺ ദിനം

സ്കൂളിലെ ഒരു ഭാഗം മാലിന്യമുക്തമാക്കി പൂന്തോട്ടം നിർമ്മാണം (*Environment Club*)

പോസ്റ്റർ നിർമ്മാണം. (Science club)

ലോക ബഹിരാകാശ ദിനം (Science club)

VSSC യുടെ space week മായി ബന്ധപ്പെട്ട് പരിപാടികൾ നടത്തുന്നു.

സെപ്റ്റംബർ *21 : ലോക അൽഷിമേഴ്സ് ദിനം*

*നാഡികളെ ബാധിക്കുന്ന രോഗങ്ങളെ കുറിച്ച് ബോധവൽക്കരണ ക്ലാസ് (Biology)*

*സെപ്റ്റംബർ 23 : മൈലാഞ്ചി മത്സരം (Arabic)*

*സെപ്റ്റംബർ 24: ഗണിത സെമിനാർ*

*വിഷയങ്ങൾ: 8thstd കേരളീയ ഗണിത ശാസ്ത്രജ്ഞൻമാർ*

*Std9: നിത്യജീവിതത്തിലെ ഗണിതം .*

*Std 10: ഇതുവരെ പഠിച്ച പൈഥഗോറസ് സിദ്ധാന്തങ്ങളിലൂടെ*

**സെപ്റ്റംബർ 30 : ഗണിത ക്വിസ്**

**ഒക്ടോബർ 1 – 7 : വന്യജീവി വാരാഘോഷം**

**കാർട്ടൂൺ മത്സരം** *(Environment Club)*

**ഒക്ടോബർ 1 - 25 : സോപ്പ് , ജാം , ചന്ദനത്തിരി നിർമാണം** (Work Experience)

**ഒക്ടോബർ 2 : ഗാന്ധി ജയന്തി**

**സെമിനാർ** ( SS Club) , **പ്രശ്നോത്തരി** (Hindi Club)

**ഒക്ടോബർ 5 :** *World Teachers Day*

*Mimic your favourite English teacher in your classroom. (English)*

**ഒക്ടോബർ 8-9 : സ്കൂൾ യുവജനോത്സവം** (മാന്വൽ പ്രകാരമുള്ള മൽസരങ്ങൾ)

**ഒക്ടോബർ 10-11: സ്കൂൾ സ്പോർട് സ്** (മാന്വൽ പ്രകാരമുള്ള മൽസരങ്ങൾ)

**ഒക്ടോബർ 18: സ്കൂൾ ഗണിതാ,സാമൂഹ്യ,ശാസ്ത്ര, പ്രവർത്തി പരിചയ ,ഐടി മേള**

(മാന്വൽ പ്രകാരമുള്ള മൽസരങ്ങൾ)

**ഒക്ടോബർ 24 : ഐക്യരാഷ്ട്ര ദിനം - ലേഖനം തയ്യാറാക്കൽ** ( SS Club)

**നവംബർ 1: കേരള പിറവി ദിനം - കവിതാ രചന** ( SS Club)

**നവംബർ 8-10 : സ്കൂൾ പഠനയാത്ര**

**നവംബർ 14 :** *Children's day*

*Language games. (English)*

*ഡിസംബർ 1: ലോക എയ്ഡ്സ് ദിനം*

*എയ്ഡ്സുമായി ബന്ധപ്പെട്ട വിവരശേഖരണം (Biology)*

നീന്തൽ പരിശീലനം (Work Experience)

ഡിസംബർ 2 : മലിനീകരണ നിയന്ത്രണ ദിനം

സ്ട്രീറ്റ് പ്ലേ , ശലഭോദ്യാന നിർമ്മാണം. *(Environment Club)*

ഡിസംബർ 10 : മനുഷ്യാവകാശ ദിനം - പോസ്റ്റർ രചന ( SS Club)

സൈക്കിൾ പരിശീലനം
ക്രിസ്തുമസ് ട്രീ , ക്രിസ്തുമസ് സ്റ്റാർ ,ആശംസകാർഡ് നിർമാണം
ബലൂൺ ആർച്ച് നിർമ്മാണം ,ബൊക്കെനിർമാണം (Work Experience)

ഡിസംബർ 14 : ഊർജ സംരക്ഷണ ദിനം (Science club)

ഊർജസംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കാനുള്ള ക്ലാസ്സ്.

ഡിസംബർ 11-19 : *Half yearly Examination*

ഡിസംബർ 20: X'mas ആഘോഷം

ഡിസംബർ 22 : ദേശീയ ഗണിത ദിനം
സ്ഥലം , അളവുകൾ പഠനം

ജനവരി 1 : *New year Celebration* കേക്ക് മുറിക്കൽ

ജനവരി 10 : ലോക ഹിന്ദി ദിനം - വായനാ മത്സരം (Hindi Club)

ജനവരി 26 : റിപ്പബ്ലിക് ദിനം - ദേശഭക്തി ഗാനം ( SS Club)

*Speak about freedom fighters.(English)*

ജനവരി 31 : പോഷകാഹാരമേള ,ആരോഗ്യക്ലാസ്സ് (Work Experience)

ഫെബ്രുവരി : *Model Exam , IT Exam , send off*

മാർച്ച് : *E X A M I N A T I O N S*

## ഉപസംഹാരം

*ബ്രദേഴ്സ് ഹയർ സെക്കന്ററി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ് കുട്ടികളുടെ സർവോത്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത് .പഠന പ്രവർത്തനങ്ങൾക്ക് അനു ബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയാൽ*

*നടപ്പിലാക്കാൻ മാനേജ്മെന്റെയും രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് ഇത് അതിന് കഴിയുമെന്ന ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട് ...*

**********************************